A.S.M.L.P.S
PURAKKAD

# SCHOOL MASTER PLAN

# ആമുഖം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് എ.എസ്.എം.എൽ.പി.എസ്. ഇതൊരു എയ്ഡഡ് വിദ്യാലയമാണ്. 1979 ൽ ആണ് ഈ വിദ്യാലയം സ്ഥാപിതമായത്. പഴമയുടെ പാരമ്പര്യം പേറുന്ന അറബി സെയ്ദ് ഫസ്ലുൽ മൻസുവിതങ്ങൾ എന്ന സർവ്വരാലും ബഹുമാനിക്കുന്ന ഒരു മഹാന്റെ ചരിത്രത്തിന്റെ ഓർമ്മപ്പെടുത്തൽ ചരിത്രവുമായി ഇഴ കൂടി ഈ സ്കൂളിന്റെ ചേർന്ന് കിടക്കുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിനാണ് ഈ അക്കാദമിക വർഷം പ്രാധാന്യം നൽകുന്നത്. മുഴുവൻ കുട്ടികളെയും - പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഉൾപ്പെടെ - ഉൾക്കൊള്ളുന്ന തരത്തിൽ അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും

ശാസ്ത്രത്തിലും, ഗണിതത്തിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. സൗഹൃദപരമായ പഠനാന്തരീക്ഷവും പഠനപരിസരവും സാധ്യമാക്കുന്നതിനായി അധ്യാപകരും രക്ഷിതാക്കളും പൊതുസമൂഹവും അടങ്ങുന്ന വലിയൊരു കൂട്ടായ്മ വിദ്യാലയത്തിൽ ഒരുക്കിയിട്ടുണ്ട്. ICT സാധ്യത പ്രയോജനപ്പെടുത്തിയും കുട്ടികളെ മികച്ച വായനക്കാരാക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

മികവിന്റെ ലോകത്തിലേക്ക് കുട്ടികളെ എത്തിക്കുന്നതിന് കർമ്മധീരരായ അധ്യാപകർക്ക് കൂടുതൽ തെളിച്ചവും ദിശാബോധവും നൽകി 'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം' എന്ന ലക്ഷ്യത്തിലേക്ക് എത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സഹായകമായ പ്രവർത്തനങ്ങളും ആശയങ്ങളുമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.
* മാതൃഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രാപ്തരാക്കുക.
* പ്രാഥമിക വിദ്യാഭ്യാസത്തിൽ ഉൾപ്പെടുന്ന ശേഷികൾ കുട്ടികളിൽ എത്തിക്കുക.
* വിദ്യാഭ്യാസത്തിൽ ജനാധിപത്യമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുക.
* പാഠപുസ്തകങ്ങളോടൊപ്പം അധിക വായനസാമഗ്രികൾ നിർമ്മിച്ച് വായനയ്ക്കുള്ള അവസരമൊരുക്കുക.
* മാനുഷിക മൂല്യങ്ങൾ വളർത്താനുതകുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.
* കല-കായിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുക.
* സർഗ്ഗപരമായ കഴിവുകൾ വളർത്തുന്നതിന് അവസരമൊരുക്കുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട പരിചരണം നൽകുകയും അവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : എ.എസ്.എം.എൽ.പി.എസ്
പുറക്കാട്, അമ്പലപ്പുഴ
പിൻ - 688561

: ഫോൺ.

സ്കൂൾ സ്ഥാപിതമായ വർഷം : 1979

സ്കൂൾ കോഡ് : 35331

വിദ്യാഭ്യാസ ഉപജില്ല : അമ്പലപ്പുഴ

വിദ്യാഭ്യാസ ജില്ല : ആലപ്പുഴ

റവന്യൂ ജില്ല : ആലപ്പുഴ

സി.ആർ.സി : അമ്പലപ്പുഴ

പഞ്ചായത്ത് : പുറക്കാട്

നിയമസഭാ മണ്ഡലം : അമ്പലപ്പുഴ

ലോകസഭാ മണ്ഡലം : ആലപ്പുഴ.

താലൂക്ക് : അമ്പലപ്പുഴ

വില്ലേജ് : പുറക്കാട്

ഇ-മെയിൽ : asmlps001@gmail.com

അധ്യാപകരുടെ എണ്ണം : 17

കുട്ടികളുടെ എണ്ണം : 378

# ക്ലാസ്സും ഡിവിഷനുകളും

| ക്ലാസ് | I | II | III | IV |
|---|---|---|---|---|
| ഡിവിഷൻ | A to C | A to D | A to D | A to D |

ഓരോ ക്ലാസിലെയും ആകെ കുട്ടികളുടെ എണ്ണം

I : 88

II : 94

III : 96

IV : 100

## അധ്യാപകരും ചുമതലകളും.

| | |
|---|---|
| പ്രധാനാധ്യാപിക | : ജാസ്മിൻ.V |
| സ്റ്റാഫ് സെക്രട്ടറി | : നവാസ്.H |
| എസ്.ആർ.ജി കൺവീനർ | : രജനി.R. |
| ലൈബ്രറി | : അജിന K.H |
| ഡിസിപ്ലിൻ | : മുഹമ്മദ് അഷ്റഫ് |
| അറബിക് ക്ലബ് & ICT | : അബ്ദുൾ റഷീദ്.A |
| സ്പോർട്സ് | : ഷാമിൽ നിസാർ |
| സയൻസ് ക്ലബ് | : K.M. ഫസീല |
| വിദ്യാരംഗം | : സൂര്യ.ആർ.കൃഷ്ണൻ |
| ദിനാചരണം | : അനീസ.A |
| ഗണിത ക്ലബ് | : ജസീന മോൾ.A |
| മക്കളോടൊപ്പം | : ജസീന.H |
| ഹെൽത്ത് ക്ലബ് | : ശാലു കൃഷ്ണ |
| ഉച്ചഭക്ഷണം | : ബേനസീർ |
| മലയാളം ക്ലബ് | : രാജലക്ഷ്മി.A |
| ഇംഗ്ലീഷ് ക്ലബ് | : വഹീദ |

# നിലവിലുള്ള അവസ്ഥാ വിശകലനം

വിഷയം : മലയാളം

മേഖല : അക്കാദമികം

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറച്ചിട്ടില്ല | അടിസ്ഥാനമില്ല. | അക്ഷരകാർഡ്, ചിഹ്ന കാർഡ് തയാറാക്കി നൽകുന്നു. മലയാളത്തിളക്കം പ്രവർത്തനങ്ങളിലൂടെ അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു. |
| ആശയം വ്യക്തമായി പ്രകടിപ്പിക്കാൻ സാധിക്കുന്നില്ല | അക്ഷരങ്ങളും ചിഹ്നങ്ങളും. ഉറച്ചിട്ടില്ല | അക്ഷരകാർഡ്, പദകാർഡ് ചിഹ്ന കാർഡ് തയാറാക്കി നൽകുന്നു. വായനസാമഗ്രികൾ നൽകുന്നു. |
| വായനാശീലം ഇല്ല | മൊബൈൽ ഉപയോഗം കൂടുതൽ | വായനാമൂല സജ്ജമാക്കുന്നു. വായനയെ പ്രോത്സാഹിപ്പിക്കുന്നു. മികച്ച വായനക്കാർക്ക് പാരിതോഷികം നൽകൽ |

വിഷയം : ഗണിതം

മേഖല : അക്കാദമികം.

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| ഗണിതക്രിയകൾ ചെയ്യാൻ ബുദ്ധിമുട്ട് (സങ്കലനം, വ്യവകലനം, ഹരണം, ഗുണനം) മനക്കണക്കുകൾ ചെയ്യുന്നില്ല | | ഓരോ ക്ലാസിലും നേടേണ്ട പഠനനേട്ടങ്ങൾ നേടിയെന്ന് ഉറപ്പു വരുത്തുക. നിരന്തരമായ പ്രവർത്തനങ്ങളിൽ ഗണിതക്രിയകൾ ഉൾപ്പെടുത്തുക നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ അവസരം ഒരുക്കുന്നു. |

വിഷയം : ഇംഗ്ലീഷ്
മേഖല : അക്കാദമികം.

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| ഇംഗ്ലീഷിൽ സംസാരിക്കാനുള്ള താൽപര്യമില്ലായ്മ | ആത്മവിശ്വാസമില്ലായ്മയും തെറ്റുവരുമോ എന്ന ചിന്തയും | ഇംഗ്ലീഷ് സംസാരിക്കാൻ കൂടുതൽ അവസരമൊരുക്കുന്നു ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു. |
| വായിക്കാനും എഴുതാനും ബുദ്ധിമുട്ടനുഭവപ്പെടുന്നു. | ഉച്ചാരണങ്ങൾ ഉറച്ചിട്ടില്ല | അക്ഷരകാർഡ്, പദകാർഡ് എന്നിവ തയാറാക്കി നൽകും. പലപ്രാവശ്യത്തിൽ ഹലോ ഇംഗ്ലീഷ് നടത്തും. |

വിഷയം : പരിസരപഠനം

മേഖല : അക്കാദമികം

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
| --- | --- | --- |
| നിരീക്ഷണക്കുറവ് | ഫോണിന്റെയും മറ്റും ഉപയോഗം കൂടുതൽ | പഠനയാത്രകൾ സംഘടിപ്പിക്കുക |

# അക്കാദമിക നേട്ടങ്ങൾ

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ഉപജില്ലയിലെ പ്രമുഖ വിദ്യാലയമായ എ. എസ്. എം. എൽ. പി. എസ് 2024-25 അക്കാദമിക വർഷത്തിൽ ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും വിദ്യാർത്ഥികൾ മികച്ച വിജയം കൈവരിച്ചു. കലോത്സവത്തിലും മികച്ച വിജയം കൈവരിച്ചു. ജനറൽ വിഭാഗത്തിൽ മൂന്നാം സ്ഥാനവും അറബി കലോത്സവത്തിൽ ഓവറോൾ ഒന്നാം സ്ഥാനവും നേടി. ഈ അധ്യയന വർഷം നടത്തപ്പെട്ട L.SS. പരീക്ഷയിൽ നാല് വിദ്യാർത്ഥികൾക്ക് L.S.S. സ്കോളർഷിപ്പ് ലഭിച്ചു.

ഈ അക്കാദമിക വർഷത്തിലും മികച്ച വിജയം കൈവരിക്കാൻ അധ്യാപകരും വിദ്യാർത്ഥികളും മികവാർന്ന രീതിയിൽ പ്രവർത്തിക്കും.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

മേഖല : ഭാഷ . മലയാളം, ഇംഗ്ലീഷ്

പ്രവർത്തനത്തിന്റെ പേര്: അസംബ്ലി (ഇംഗ്ലീഷ്, മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രദമായ രീതിയിൽ ഇംഗ്ലീഷും മലയാളവും വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | കുട്ടികൾ തന്നെ ആഴ്ചയിൽ 2 ദിവസം മലയാളത്തിലും 1 ദിവസം ഇംഗ്ലീഷിലും അസംബ്ലിയിലെ മുഴുവൻ പരിപാടികളും അവതരിപ്പിക്കുന്നു. | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |
| എല്ലാ കുട്ടികളുടെയും Vocabulary മെച്ചപ്പെടുത്തുക. | അസംബ്ലിയിൽ ഓരോ ഇംഗ്ലീഷ് വാക്കും അതിന്റെ അർത്ഥവും പരിചയപ്പെടുത്തുന്നു. | 1 ദിവസം | ക്ലാസ് ടീച്ചർ | |

മേഖല - ഭാഷ

പ്രവർത്തനത്തിന്റെ പേര്: സർഗ്ഗവേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കുട്ടികളിൽ വായനശീലം സർഗ്ഗശേഷി തുടങ്ങിയവ വളർത്തൽ | കുട്ടികളുടെ ജന്മദിന സമ്മാനമായി ഓരോ പുസ്തകം സ്കൂളിലേക്ക് സമ്മാനിക്കുന്നു. | 1 വർഷം | | |
| | സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവയുടെ ഫോട്ടോ വീഡിയോ എന്നിവ നവമാധ്യമങ്ങളിലൂടെ പൊതു സമൂഹത്തിൽ എത്തിക്കുന്നു. | 1 വർഷം. | | |

പ്രവർത്തനം: പച്ചക്കറിത്തോട്ട നിർമ്മാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃഷിയുടെ മഹത്വത്തെ കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുക. | വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നു. | | ക്ലബ് അംഗങ്ങൾ | |
| ഫീൽഡ് ട്രിപ്പ് | കൃഷിസ്ഥലങ്ങൾ കാവുകൾ, കുളങ്ങൾ തുടങ്ങിയവ സന്ദർശിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ | |

# ഉപസംഹാരം.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പഠനമേ തന്റെ ചുറ്റുപാടുമുള്ള ജീവിതാനുഭവങ്ങളിലൂടെ ICT സാധ്യത പ്രയോജനപ്പെടുത്തി കൊണ്ട് ഓരോ കുട്ടിയുടേയും സമഗ്ര വികസനം എന്ന ലക്ഷ്യം യാഥാർത്ഥ്യമാകുവാൻ ഈ വികസന പദ്ധതിക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.